(ജെ) ഈ സംഘം ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് 12 കോടി 55 ലക്ഷം രൂപ അടച്ച് തീർക്കുവാനുണ്ട്. ഇതിൽ 7 കോടി 47 ലക്ഷം രൂപ കുടിശ്ശികയാണ്.

(കെ) സംഘത്തിന് മെമ്പർമാരിൽ നിന്നും തിരികെ ഈടാക്കുവാനുള്ള വായ്പയും അതിന്റെ പലിശയും തിരികെ ഈടാക്കിയും ബാങ്കിന് ഈടാക്കുവാനുള്ള മറ്റ് തുകകളും ഈടാക്കുന്ന മുറയ്ക്ക് ബാങ്കിന് ഈ കുടിശ്ശിക അടച്ചുതീർക്കുവാൻ കഴിയുന്നതാണ്.

കേരള കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനിലെ താൽകാലിക ജീവനക്കാർ

110 (1262) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരെ സ്ഥിരപ്പെടുത്തുമെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവ് ലംഘിച്ച് താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരെ ലേബർ വകുപ്പ് മുഖേന സ്ഥിരപ്പെടുത്തുന്നതിന് കൺസ്യൂമർ ഫെഡറേഷനിൽ നടപടി സ്വീകരിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡറേഷനിൽ താൽകാലികാടിസ്ഥാനത്തിൽ എത്രപേരെ ഏതെല്ലാം തസ്തികയിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉപചോദ്യം (എ)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) താഴെ പറയുന്ന 12 ഇനം തസ്തികകളിലായി ആകെ 195 പേരെ താൽകാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	തസ്തികയുടെ പേര്	സ്കീം	താൽകാലികമായി നിയമിച്ചവരുടെ എണ്ണം
1.	പ്രോജക്ട് കോ-ഓർഡിനേറ്റർ	നീതി സ്കീം	1
2.	അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ	നീതി സ്കീം	3
3.	ഗോഡൗൺ മാനേജർ	നീതി സ്കീം	10
4.	അക്കൗണ്ട് ഓഫീസർ	നീതി സ്കീം	14
5.	ഫീൽഡ് അസിസ്റ്റന്റ്	നീതി സ്കീം	35
6.	മാനേജർ, നീതി മെഡിക്കൽസ്	നീതി മെഡിക്കൽ സ്കീം	1
7.	അസിസ്റ്റന്റ് മാനേജർ	നീതി മെഡിക്കൽ സ്കീം	5
8.	ഫാർമസിസ്റ്റ്	നീതി മെഡിക്കൽ സ്കീം	15
9.	ഓഫീസ് അസിസ്റ്റന്റ്	നീതി മെഡിക്കൽ സ്കീം	3
10.	മസ്ദൂർ	ത്രിവേണി സൂപ്പർ മാർക്കറ്റുകൾ	106
11.	പ്ലാന്റ് മാനേജർ	നീതി ഗ്യാസ്	1
12.	അസിസ്റ്റന്റ് പ്ലാന്റ് മാനേജർ	നീതി ഗ്യാസ്	1
	ആകെ 12		195

റിട്ടയേർഡ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് അസോസിയേഷന്റെ നിവേദനം

111 (1263) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സ്റ്റേറ്റ് റിട്ടയേർഡ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് അസോസിയേഷൻ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ ഫാമിലി പെൻഷൻ, കമ്മ്യൂട്ടേഷൻ, പെൻഷൻ, സേവനകാലം എന്നീ കാര്യങ്ങളിൽ തീരുമാനം ആയിട്ടുണ്ട്. ഇതിനായി പെൻഷൻ പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly